

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം/പി11/1564 /2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 17/09/2025
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം/പി11/1564 /2025 തീയ്യതി: 17/09/2025

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 09-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജി സജികുമാർ	ഡെപ്യൂട്ടി ഡയറക്ടർ	10-07-2025	19-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-07-2025	19-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ശശിജോഷ് എ ഓഡിറ്റ് ഓഫീസർ
ശ്രീമതി റ്റി സിന്ധു,ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ.ജെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് സുരേഷ്,ഓഡിറ്റർ
ശ്രീ സിറാജ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. വി.രാധാകൃഷ്ണൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ ചെറിയാൻ ജോർജ്ജ്	സെക്രട്ടറി	01-04-2024	04-09-2024
ശ്രീ അനിൽകുമാർ ആർ	സെക്രട്ടറി	05-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അരുൺനാഥ് ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ഡോ. ജുനു വി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2024	31-03-2025
ഡോ.അസിത എ ജെ	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2024	31-03-2025
ഡോ.ബ്രിജില എസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീമതി സുധ ജെ	എച്ച് എം	01-04-2024	31-03-2025
ശ്രീമതി. അനിത എസ്	അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്)	01-04-2024	08-09-2024
ശ്രീ ജയകുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്)	09-09-2024	09-10-2024
ശ്രീ വിനുരാജ് ഡി	അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്)	10-10-2024	31-03-2025
ശ്രീ.സന്തോഷ് കുമാർ എസ്.	വി ഇ ഒ	01-04-2024	31-03-2025
ശ്രീമതി ഷൈനി പി. എസ്.	വി ഇ ഒ	01-04-2024	01-01-2025
ശ്രീ.സന്തോഷ് കുമാർ എസ്.	വി ഇ ഒ ഇൻ ചാർജ്ജ്	02-01-2025	17-02-2025
ശ്രീ അർജ്ജുൻ ആർ	വി ഇ ഒ	18-02-2025	31-03-2025
ശ്രീമതി ബനാസിർ എസ് .	ഐ.സി.ഡി.എസ്. സുപ്പർവൈസർ	01-04-2024	31-03-2025
ശ്രീ.സുധീഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ഡോ.ദീപ പ്ലാസിഡ്	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി.നവീദ എസ്	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ശീലാവതി അമ്മ പി.	അക്രെഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ജി.എസ്	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-2
4	ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് പൊരുത്തപ്പെടുന്നില്ല	1-1-3
5	ലോൺ രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത	1-1-4
6	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തരനിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.	1-11
17	ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ലേലം കൊണ്ട തുക ഒടുക്ക് വരുത്തുന്നതിൽ കാലതാമസം വരുത്തിവരുത്തിയിരിക്കുന്നു. നിരത ദ്രവ്യം വാങ്ങാതെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിച്ചിരിക്കുന്നു.	1-12
18	തണ്ണീർ പന്തലിന്റെ വാടക-ആനുപാതിക വിഹിതമായി ഗ്രാമപഞ്ചായത്തിന് അർഹമായ തുക തിരികെ ലഭിച്ചിട്ടില്ല .	1-13
19	പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് യഥാസമയം ലേലം ചെയ്തില്ല.	1-14
20	കേരള മൈനർ മിനറൽ കൺസഷൻ ചട്ടം -ചട്ടലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല	1-15
21	ലൈഫ് ഭവന പദ്ധതി- വീട് നിർമ്മാണം ആരംഭിച്ചില്ല.	1-16
22	വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി നടപ്പാക്കിയില്ല	1-17
23	മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല	1-18
24	സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.	1-19
25	പഞ്ചായത്ത് ഓഫീസിലേക്ക് സിസിടിവി ക്യാമറ സ്ഥാപിക്കൽ -അംഗീകൃത എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ചു-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരിച്ചടച്ചു	1-20
26	ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി	1-21
27	തടത്തിലുവിള കാവയ്യത്ത് റോഡ് നിർമ്മാണം- അളവുകൾ അധികമായി രേഖപ്പെടുത്തി നൽകിയ തുക തിരികെ ഒടുക്കി	1-22
28	വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-23
29	ജൽജീവൻ മിഷൻ അവലോകനം	1-24
30	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-25
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1

2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.5.2025 തീയതിയിലെ 1(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 3.6.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൊല്ലം

തീയതി:17.09.2025

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്	വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്
വികസനഫണ്ട് ജനറൽ	22751222/-	21218222/-
വികസനഫണ്ട് എസ്.സി.പി	18149117/-	19682117/-

1-1-3 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് പൊരുത്തപ്പെടുന്നില്ല

ഫണ്ടിനം	ACR പ്രകാരമുള്ള ചെലവ്	വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്
ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied	2919142	2889042

1-1-4 ലോൺ രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

ലോൺ രജിസ്റ്ററിൽ ലോണിന്റെ വരവ്, തിരിച്ചടവ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. ലോണിന്റെ വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലോണിന്റെ മുൻബാക്കി, വിനിയോഗ ബാക്കി എന്നിവ ഭാഗം 4-5 ആയി ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

പ്രോജക്ട് 271/25, 260/25, 139/25 എന്നിവയ്ക്കായി കെ.ഐ.പി യ്ക്ക് നൽകിയ തുക യഥാക്രമം 65100/-, 200000/-, 100000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

1-2 ബജറ്റ്

09.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്ക്കരിച്ച ബജറ്റ് 18.03.2025 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	2,80,80,933/-രൂപ
വരവ്	6,68,12,340/-രൂപ
ആകെ	9,48,93,273/-രൂപ
ചെലവ്	5,74,48,879/-രൂപ
നീക്കിയിരിപ്പ്	3,74,44,394/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	11,43,686/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	ലാപ്സായ തുക/ നീക്കിയിരിപ്പ് ₹
വികസനഫണ്ട് (ജനറൽ)	0	2,28,26,000/-	2,28,26,000/-	22751222/-	74,778/-
വികസനഫണ്ട് (എസ്.സി.പി.)	0	1,81,87,000/-	1,81,87,000/-/-	1,81,49,117/-	37,883/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക്	665699/-	4146231/-	4811930/-	2651245/-	21,60,685/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി	0	535793/-	535793/-	267897/-	267896/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി	0	1334371/-	1334371/-	733922/-	600449/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക്	61,58,702/-	8480000/-	14638702/-	1984693/-	12654009/-
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	15590000/-	15590000/-	8923429/-	6666571/-
മെയിന്റനൻസ് ഫണ്ട്	0	10631000/-	10631000/-	7859781/-	2771219/-

(നോൺറോഡ്)					
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്					
ലൈഫ് മിഷൻ - സംസ്ഥാന വിഹിതം	9245680/-	0	9245680/-	1260000/-	7985680/-
സാക്ഷരത	4,349/-	0	0	0	4,349/-
ശുചിത്വമിഷൻ ഗ്രാന്റ്	38,919/-	235590/-	274509/-	235590/-	38,919/-
എസ്.എസ്.എ.	6,480/-	259/-	6,739/-	53/-	6,686/-
Best Panchayat Award	1,00,000/-	0	1,00,000/-	0	1,00,000/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
ICDS	5,14,377/-	3784942/-	4299319/-	1794437/-	2504882/-
TSC	9,51,864/-	0	9,51,864/-	216000/-	735864/-
MNREGS ഭരണചെലവുകൾ	1,158/-	2133752/-	2134910/-	2134910/-	0
ആയുഷ് (ഹോമിയോ)	5,00,000/-	0	5,00,000/-	321797	178203/-
ആയുഷ് (ആയുർവേദം)	5,00,000/-	0	5,00,000/-	132348	367652/-
Award-Central Govt.	2,00,000/-	0	2,00,000/-	0	2,00,000/-
Welfare	94,000/-	0	94,000/-	0	94,000/-
ഹെൽത്ത് ഗ്രാന്റ്, പി.എച്ച്.സി	7,02,452/-	451757/-	1154209/-	289923/-	864286/-
ഹെൽത്ത് ഗ്രാന്റ്, സബ് സെന്ററർ	4,10,819/-	689291/-	1100110/-	372488/-	727622/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
330	357815448/-	197	92973453/-	0	133	59.9%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ്₹
ഭരണചെലവുകൾ	1158	2133752/-	2134910/-	2134910/-	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	60680995/-	60680995/-	60680995/-	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	840400/-
വിധവാപെൻഷൻ	20992200/-
വാർദ്ധക്യകാല പെൻഷൻ	37963800/-
വികലാംഗപെൻഷൻ	6267800/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	665400/-
വിധവളുടെ പെൺമക്കളുടെ വിവാഹധനസഹായം	240000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2025, 10.30 Am. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 18090/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ

അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് .വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.
പഞ്ചായത്ത് നികുതി വരവുകൾ കാലികമായ ഉത്തരവുകൾക്കനുസൃതമായ സ്ലാബുകളിൽ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ട്. കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ സമയക്രമം പാലിച്ച് നിർവഹിക്കുന്നതിലെ വീഴ്ച അനധികൃത ഖനനത്തിനും സർക്കാർ ഫണ്ടിന്റെ വ്യക്തമായ നഷ്ടത്തിനും കാരണമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	30.11.2022	07/2022 മുതൽ 09/2022 വരെ	30.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.11.2019	2014-15 മുതൽ 2018-19 വരെ	23.12.2019

1-11 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.

27.06 .2024 ലെ സ.ഉ.(സാധാ) നം.1149/2024/LSGD, പ്രകാരം തൊഴിൽ നികുതി നിർണയത്തിന് ആധാരം ആക്കേണ്ടുന്ന വരുമാന സ്ലാബുകളിലും നിരക്കുകളിലും ഭേദഗതി വരുത്തിയിട്ടുള്ളതും ആയതു 01.10.2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. 2024-25 സാമ്പത്തിക വർഷം, രണ്ടാം അർദ്ധവർഷത്തേക്കുള്ള തൊഴിൽ നികുതി ഈടാക്കിയതിലുള്ള അപാകതകളുടെ വിശദശാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന്റെ പേര്: സിദ്ധാർത്ഥ സെൻട്രൽ സ്കൂൾ, പുത്തൂർ

ക്രമ നം.	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (Rs.)	ബാധകമായ സ്ളാബ് (Rs.)	ഒടുക്കേണ്ടുന്ന നികുതി (Rs.)	ഒടുക്കിയ നികുതി (Rs.)	വ്യത്യാസം (Rs.)
1	ജയറാണി. വി. ആർ	69900	45,000-99,999	750	600	150
2	കിരൺകല	69900	45,000-99,999	750	600	150
3	ഷാഹിന.എം	69900	45,000-99,999	750	600	150
4	സുധീഷ് കുമാർ ഡി	69900	45,000-99,999	750	600	150
5	ധന്യ. വി	69900	45,000-99,999	750	600	150
6	അശ്വതി. പി. ജി	52200	45,000-99,999	750	450	300
7	സന്ധ്യ. എസ്	52200	45,000-99,999	750	450	300
8	രെഞ്ചു. ബി	52200	45,000-99,999	750	450	300
9	അഖില	43500	30,000-44,999	600	300	300
10	രാധാമണി	43500	30,000-44,999	600	300	300
11	ഉദയശ്രീ	43500	30,000-44,999	600	300	300
12	ബിന്ദു. കെ	43500	30,000-44,999	600	300	300
13	സൂര്യ. ബി	43500	30,000-44,999	600	300	300
14	അജയകുമാർ	39150	30,000-44,999	600	300	300
15	സാജു. എൻ	39150	30,000-44,999	600	300	300
16	ബ്രിങ്കിൽ. പി. വിൻസെന്റ്	39150	30,000-44,999	600	300	300
17	തോമസ്. ഐ	39150	30,000-44,999	600	300	300
				11400	7050	4350

2. സ്ഥാപനത്തിന്റെ പേര്: മഹാവിഷ്ണു കാഷ്യു ഫാക്ടറി.

ക്രമ നം.	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (Rs.)	ബാധകമായ സ്ളാബ് (Rs.)	ഒടുക്കേണ്ടുന്ന നികുതി (Rs.)	ഒടുക്കിയ നികുതി (Rs.)	വ്യത്യാസം (Rs.)
1	രാജു ജോർജ്	21000	18,000-29,999	450	180	270

2	സിന്ധു. വി. എസ്	24500	18,000-29,999	450	180	270
3	ഗീത മോഹൻ	24500	18,000-29,999	450	180	270
				1350	540	810

3. സ്ഥാപനത്തിന്റെ പേര്: കൃപ ഹോം സൊല്യൂഷൻസ് .

ക്രമ നം.	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (Rs.)	ബാധകമായ സ്ളാബ് (Rs.)	ഒടുക്കേണ്ടുന്ന നികുതി (Rs.)	ഒടുക്കിയ നികുതി (Rs.)	വ്യത്യാസം (Rs.)
1	രാജി	72000	45,000-99,999	750	600	150
				750	600	150

നികുതി നിർണയം പുതുക്കിയ നിരക്കുകൾക്കനുസൃതമായി നടത്താത്തതിനാൽ മൂന്ന് സ്ഥാപനങ്ങളിൽ നിന്നായി പിരിച്ച തൊഴിൽ നികുതിയിൽ Rs. 5310 /- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ലേലം കൊണ്ട തുക ഒടുക്ക് വരുത്തുന്നതിൽ കാലതാമസം വരുത്തിവരുത്തിയിരിക്കുന്നു. നിരത ദ്രവ്യം വാങ്ങാതെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിച്ചിരിക്കുന്നു.

പവിത്രേശ്വരം പഞ്ചായത്തിന് കീഴിൽ വിവിധ പൊതു ഇടങ്ങളിൽ 2025-26 സാമ്പത്തിക വർഷം കച്ചവടം നടത്തുന്നതിനുള്ള അവകാശത്തിനായുള്ള ലേലം 24.02.2025 ന് നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ലേല ഇനം	നിരത ദ്രവ്യം	ലേലം കൊണ്ട ആളുടെ പേര്	ലേലം കൊണ്ട തുക	ഒടുക്ക് വരുത്തിയ തുക
1.	പൊരിയ്ക്കൽ പബ്ലിക് മാർക്കറ്റിൽ സ്വന്തമായി താത്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം.	Rs. 10000/-	നിബിൻ ജോസ്, ലൂർദ് വിലാസം, കൈതക്കോട്	Rs. 55,000/-	Rs. 55,000/-
2	മൂന്നാം വാർഡിൽ ആലയ്ക്കൽ ജങ്ഷനിൽ സ്വന്തമായി താത്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം.	Rs. 10000/-	നിബിൻ ജോസ്, ലൂർദ് വിലാസം, കൈതക്കോട്	Rs. 1,10,000/-	Rs. 1,10,000/-
3	കൈതക്കോട് പ്ലാമുക്ക് ജങ്ഷനിൽ സ്വന്തമായി താത്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം.	Rs. 10000/-	നിബിൻ ജോസ്, ലൂർദ് വിലാസം, കൈതക്കോട്	Rs. 46000/-	19.07. 2025 ന് R-G020306-25001522നം റെസിപ്റ്റ് പ്രകാരം 16,000/- രൂപ ഒടുക്കു വരുത്തിയിരിക്കുന്നു.
4	പൊരിയ്ക്കൽ പബ്ലിക് മാർക്കറ്റിൽ കോഴിയിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം	Rs. 2000/-	ഉദയരാജൻ , സൂര്യോദയം, ഇടവട്ടം	Rs. 80700/-	Rs. 80700/-

27.01.2025 ൽ പുറപ്പെടുവിച്ച ലേല നോട്ടീസിൽ അഞ്ചാമതായി നൽകിയിരിക്കുന്ന " ലേലം കൊള്ളുന്നവർ ലേലം കഴിഞ്ഞാൽ ഉടൻതന്നെ തുകയും ടീ തുകയുടെ 18 ശതമാനം ജി.എസ്. ടി. യും ഒന്നായി ഒടുക്കേണ്ടതാണ് " എന്ന വ്യവസ്ഥ നിലനിൽക്കെ ക്രമ നമ്പർ 3-ൽ ലേലം കൊണ്ട ശ്രീ. നിബിൻ ജോസ്, ലൂർദ് വില്ല, കൈതക്കോട്, ലേല തുകയായ Rs. 46000/- ഉം അതിന്മേൽ 18% ജി എസ് ടി യും ഒടുക്കുന്നതിൽ വലിയ കാലതാമസം വരുത്തിയിരിക്കുന്നു. ഓഡിറ്റിൽ ലംഘനം ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പരിഹാര നടപടികളെ തുടർന്ന് 19.07. 2025 ന് R-G020306-25001522 നം. റെസിപ്റ്റ് മുഖേന 16,000/-രൂപ തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
പരിശോധനകളിൽ നിന്നും അഞ്ചാം നമ്പർ ലേലം കൊണ്ട ശ്രീ ഉദയരാജൻ, സൂര്യോദയം, ഇടവട്ടം,

നിരത ദ്രവ്യം കെട്ടി വെക്കാതെ ആണ് ലേലത്തിൽ പങ്കെടുത്തതെന്നും, മേൽ പരാമർശിച്ച ലേല വ്യവസ്ഥ ലംഘിച്ചുകൊണ്ട് 29.03.2025 ന് മാത്രം ആണ് ലേല തുകയും അതിന്മേലുള്ള ജി. എസ്. ടി യും 1240204175 നം. റെസിപ്റ്റ് പ്രകാരം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതെന്നും ഓഡിറ്റിൽ അറിവായിട്ടുള്ളതാണ്.
ലേല വ്യവസ്ഥകളുടെ കർശനമായ പാലനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-13 തണ്ണീർ പന്തലിന്റെ വാടക-ആനുപാതിക വിഹിതമായി ഗ്രാമപഞ്ചായത്തിന് അർഹമായ തുക തിരികെ ലഭിച്ചിട്ടില്ല .

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ജനകീയ ഹോട്ടൽ വാടക, കറണ്ട് ചാർജ്, അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്ടിനായി (പ്രോ.നം.S016/25)തനതുഫണ്ടിൽ നിന്ന് 1,75,000 രൂപ വകയിരുത്തി 1,635,20 രൂപ ചെലവഴിച്ചിട്ടുണ്ട് . പ്രസ്തുത തുകയിൽ നിന്ന് ജനകീയ ഹോട്ടലിന്റെ വാടകയിനത്തിൽ 1,31,178/- രൂപ കൊല്ലം ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് . എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വാടകയുടെ ആനുപാതിക വിഹിതമായി ഗ്രാമപഞ്ചായത്തിന് അർഹമായ 40 % തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല .

ജനകീയ ഹോട്ടലിന്റെ വാടകയിനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം നമ്പർ തീയതി ,തുക (രൂപ)	വാടകയിനത്തിൽ ഒടുക്കിയ തുക (രൂപ)	വാടകയുടെ കാലയളവ്
22400220/8.7.24-37114	28,500	03/24 To 07/24
22400487/2.11.24-33927	28,752	10/21 To2/24(arrear)
22400901/13.3.25-90803	73,926	03/24 To 07/24(arrear) 08/24 To 03/25
ആകെ വാടക തുക	1,31,178/-	

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ജില്ലാ പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നിർമ്മിച്ച തണ്ണീർപന്തലിലാണ് നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നത്. തണ്ണീർ പന്തലിന്റെ വാടക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഗ്രാമപഞ്ചായത്ത് ഈടാക്കി ജില്ലാ പഞ്ചായത്തിൽ കൊടുക്കുന്ന മുറയ്ക്ക് ആയതിന്റെ 40% തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുമെന്ന് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് തണ്ണീർപന്തൽപ്രവർത്തിക്കുകയും ആയതിന്റെ വാടക ഗ്രാമപഞ്ചായത്ത് ഈടാക്കി ജില്ലാ പഞ്ചായത്തിൽ കൊടുക്കുകയും ചെയ്യുന്നത്. തണ്ണീർപന്തലിനായി നിർമ്മിച്ച കെട്ടിടത്തിൽ ജനകീയ ഹോട്ടൽ പ്രവർത്തനമാരംഭിച്ചതിനെത്തുടർന്ന് 6.3.20 തീയതിയിലെ സ.ഉ(കൈ) 45/2020/ ത സ്വ ഭ വ ഉത്തരവിനെ ആധാരമാക്കി ജനകീയ ഹോട്ടലിന്റെ വാടകയും കറണ്ട് ചാർജും ഗ്രാമപഞ്ചായത്ത് ഒടുക്കിക്കൊണ്ടിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന തണ്ണീർപന്തലിന്റെ വാടക ഇനത്തിലുള്ള തുക ജില്ലാ പഞ്ചായത്തിലേക്ക് ഒടുക്കുന്നത്. എന്നാൽ തണ്ണീർപന്തലിന്റെ വാടക ഇനത്തിൽ ഒടുക്കുന്ന തുകയിൽ നിന്ന് ഗ്രാമപഞ്ചായത്തിന് അർഹമായ 40 % തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല. തൻവർഷം ഒടുക്കിയ 1,31,178/-രൂപയുടെ 40% ആയ52,471/- രൂപ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന് വാടക വിഹിതമിനത്തിൽ നാളിതുവരെ ലഭിക്കാനുള്ള മുഴുവൻ തുകയും ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതയിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻകുയറിക്ക്, പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ സമയത്തെ വ്യവസ്ഥകൾ പ്രകാരം 60:40 എന്നനുപാതത്തിൽ വാടകയുടെ വിഹിതം 2022 വരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നും കോവിഡ് കാലയളവിൽ തണ്ണീർപന്തൽ കെട്ടിടത്തിൽ ജനകീയ ഹോട്ടൽ കൂടി ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാടകയും, വൈദ്യുതി ചാർജ്ജും നൽകി വരുന്നുവെന്നും ആയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ വാടക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 2022 ന് ശേഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്നും മറുപടി നൽകി.
ആനുപാതിക വിഹിതമിനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനും ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നിടത്തോളം കാലം തണ്ണീർപന്തൽ കെട്ടിടം പ്രസ്തുത ആവശ്യത്തിലേക്ക് വാടകരഹിതമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം.18/19.7.2025

1-14 പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് യഥാസമയം ലേലം ചെയ്തില്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ കൈതക്കോട് സബ് സെന്റർ കോമ്പൗണ്ട് വാൾ എന്ന പ്രവൃത്തിയുടെ (Pro: 204/25) ഇനം നമ്പർ ഒന്നായ മണ്ണ് എടുത്ത് മാറ്റൽഎന്ന പ്രവൃത്തിയിലൂടെ നീക്കം ചെയ്ത 50m3 മണ്ണ് കരാറുകാരൻ പ്രസ്തുത വസ്തുവിനോട് ചേർന്ന് സ്റ്റാക്ക് ചെയ്തിട്ടുണ്ട് എന്നും

ആയത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അസിസ്റ്റന്റ് എൻജിനീയർ 23.11.24 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.
പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത മണ്ണ് സ്റ്റാക്ക് ചെയ്തിട്ടുള്ളത് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻകയറിക്ക്, തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15 M3 മണ്ണ് ആവശ്യമായി വരുമെന്നതിനാൽ 35 M3 മണ്ണ് മാത്രം ലേലം ചെയ്താൽ മതി എന്ന് അസി.എഞ്ചിനീയർ അറിയിച്ചുവെന്നും ആയതിനെ തുടർന്ന് ടി മണ്ണ് ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ലെന്നും ശേഖരിച്ചിരിക്കുന്ന മണ്ണിന്റെ അളവ് കുറവാണെന്ന് വാർഡ് മെമ്പർ അഭിപ്രായപ്പെട്ടത് പ്രകാരം മണ്ണിന്റെ അളവ് തിട്ടപ്പെടുത്തിയപ്പോൾ പ്രസ്തുത സ്ഥലത്ത് നിലവിൽ 15 M3 മണ്ണ് മാത്രമാണ് അവശേഷിച്ചിട്ടുള്ളതെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് നൽകിയെന്നും ആയത് പ്രകാരം 1.7.2025 ൽ പുനർലേലം നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല എന്നും മറുപടി നൽകിയിട്ടുണ്ട്.
ഒരു പ്രവൃത്തിക്കായി കിളച്ചെടുത്ത മണ്ണ് സ്റ്റാക്ക് ചെയ്ത് അളവെടുത്ത് സാങ്കേതിക ജ്ഞാനമുള്ള ഉദ്യോഗസ്ഥൻ അറിയിക്കുകയും ആയത് ലേലം ചെയ്ത് നൽകുന്നതിലേയ്ക്ക് നടപടി സ്വീകരിക്കുവാൻ കത്ത് നൽകുകയും ചെയ്തുവെങ്കിലും യഥാസമയം നടപടി സ്വീകരിക്കുന്നതിൽ അധികാരികൾ വീഴ്ച വരുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന മണ്ണ് ലേലം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നം.20/19.7.2025

1-15 കേരള മൈനർ മിനറൽ കൺസഷൻ ചട്ടം -ചട്ടലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2015 (31/03/2023 ലെ സ.ഉ (അച്ചടി) നം 38/2023 /ഐഡി പ്രകാരമുള്ള ഭേദഗതി) ചട്ടം 14 (4) പ്രകാരം 278.7 M^2 (3000 ച. അടി) താഴെ കെട്ടിട വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് ലഭിച്ച വ്യക്തിക്ക് നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യത്തിൽ നീക്കം ചെയ്യുവാൻ അനുമതി നൽകിയ മണ്ണിന്റെ അളവ് പ്രകാരമുള്ള റോയൽറ്റി (ടണ്ണിന് 40/- രൂപ നിരക്കിൽ) പെർമിറ്റ് ഉടമ ട്രഷറിയിൽ ഒടുക്ക് വരുത്തി ചെല്ലാൻ ഹാജരാക്കുന്ന മുറയ്ക്ക Form S ലെ മൂവ്മെന്റ് പെർമിറ്റും , Form O(A) ലെ മിനറൽ ട്രാൻസിറ്റ് പാസ്സും അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപതമാണ് . ഇപ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് ലഭിച്ച ഉടമ മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം. കൂടാതെ അനുവദിച്ചതിനേക്കാൾ കൂടുതൽ മണ്ണ് എടുക്കുകയും ചെയ്താൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(8) പ്രകാരം അധികമായി എടുക്കുന്ന മണ്ണിന്റെ റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി പെർമിറ്റ് ഉടമ ഒടുക്കണം. ചട്ടം 14(7),ചട്ടം 14(8) എന്നിവ പ്രകാരമുള്ള പിഴ മൂവ്മെന്റ് പെർമിറ്റ് അനുവദിക്കാൻ ക്ഷമതയുള്ള അധികാരി പുറപ്പെടുവിക്കുന്ന ഡിമാന്റ് അനുസ്യൂതമായാണ് ഒടുക്കേണ്ടത് എന്ന് Form(T) യിൽ 5, 6 -ാം നമ്പറായി വ്യവസ്ഥ ചെയ്തിട്ടുണ്ട് .

കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2(Iii), 14(2) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്ഷമതയുള്ള അധികാരിയായി നൽകിയ മൂവ്മെന്റ് പെർമിറ്റ് ലംഘിക്കുന്ന സന്ദർഭങ്ങളിൽ ചട്ടം14(7),ചട്ടം 14(8) പ്രകാരമുള്ള പിഴ ഒടുക്കിയ വിവരമോ, പിഴ ഈടാക്കാത്ത പക്ഷം പെർമിറ്റ് ഹോൾഡർക്കെതിരെ ചട്ടം 14 (9) ചട്ടം 112 പ്രകാരം റെവന്യൂ റിക്കവറി ക്ഷമതയുള്ള അധികാരി നടപടി സ്വീകരിച്ച വിവരംചട്ടം 14(10) പ്രകാരമുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും, ടി വിവരം Form(U) ൽ സെക്രട്ടറി ജില്ല ജിയോളജിസ്റ്റിനെ അറിയിക്കേണ്ടതാണ്. എന്നാൽ ചട്ടലംഘനങ്ങൾ കത്ത് മുഖേന ജില്ല ജിയോളജിസ്റ്റിനെ അറിയിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ അനുവദിച്ചതിനേക്കാൾ കൂടുതൽ മണ്ണ് എടുത്തിട്ടുണ്ടോ എന്ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുമില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.
1.സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ടലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താത്തവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

	ഉടമ / കെട്ടിടനിർമ്മാണ പെർമിറ്റ് വിശദാംശം	Form S ലെ മൂവ്മെന്റ് പെർമിറ്റ്റ് വിശദാംശം	ഒടുക്കിയ റോയ ലിറ്റി തുക	റിമാർക്സ്
1.	സുരേന്ദ്രൻ കുരയിൽ വീട് A3-BA(30995)/2023,25.1.23 137.2 M2	400289/BPT001/GPO/2023/2855, 1.8.23 453.9 M2 ട്രാൻസിറ്റ് പാസ് -907.8 T	36312	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.
2.	ദിവ്യ കെ സോമൻ കുന്നത്ത് വീട്	400289/BPT001/GPO/2023/2850, 4.8.23	28660	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ

	SC2-BA(126880)/2023,3.4.23 145.48m2	368 M2 ട്രാൻസിറ്റ് പാസ് -716.5 T		മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.
3.	റിന്റോ ജോൺ കാരുവിള വീട് SC2-BA(116962)/2023,25.3.23 224.17 M2	400289/BPT001/GPO/2023/3076, 5.8.23 450.75 M2 ട്രാൻസിറ്റ് പാസ് -901.5T	36060	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.
4.	ഷിക്കാർ എ എം ബാസിത്തുൽ സൽമ SC2-BA(249760)/2023,20.7.23 264.46 M2	400289/BPT001/GPO/2023/3777, 19.9.23 2145.41 M3 ട്രാൻസിറ്റ് പാസ് -4290.82T	171633	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല
5.	വിപിൻ എസ് മഞ്ജുഷ SC2-BA(257502)/2023,28.7.23 183.78 M2	400289/BPT001/GPO/2023/3836, 6.10.23 543 M3 ട്രാൻസിറ്റ് പാസ് -744T	29760	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല
7.	സുമി എസ് അജി ഭവൻ A3-BA(171169)/2023,17.5.23 237 M2	400289/BPT001/GPO/2023/4316, 6.11.23 142.44 M3 ട്രാൻസിറ്റ് പാസ് -284.88T	11395	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല
8.	ഷാജി ഡാനിയൽ SC2-BA(289912)/2023,1.9.23 108.06 M2	400289/BPT001/GPO/2023/4703, 30.11.23 306 M3 ട്രാൻസിറ്റ് പാസ് -612T	24480/-	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല
11	പ്രശാന്തൻ എസ് ശ്രീമൂലം SC2-BA(366839)/2023,7.11.23 119.02 M2	400289/BPT001/ GPO/2023/5600, 17.1.24 476.90 M3 ട്രാൻസിറ്റ് പാസ് -953.8T	38152/-	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല
15	അജിമോൻ മുക്കാലിൽ വടക്കതിൽ SC2-BA(28286)/2024,24.1.24 176.31 M2	400289/BPT001/ GPO/2023/548, 22.2.24 94.74 M3 ട്രാൻസിറ്റ് പാസ് -189.48T	7579	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല
16.	സുനിൽകുമാർ പ്രജിത SC2-BA(275144)/2023,14.8.24 146.97 M2	400289/BPT001/ GPO/2023/698, 1.4.24 260.87 M3 ട്രാൻസിറ്റ് പാസ് -521.74T	20870	സ്ഥലപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് പെർമിറ്റ് ചട്ട ലംഘനം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല

2.ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കാത്തവരുടെ വിവരം

	ഉടമ / കെട്ടിട നിർമ്മാണ പെർമിറ്റ് വിശദാംശം	Form S ലെ മൂവ്മെന്റ് പെർമിറ്റ്റ് വിശദാംശം	റോയലിറ്റി തുക	അധികമായി നീക്കം ചെയ്ത മണ്ണ് (ക്യൂബിക് മീറ്റർ)	ചട്ടം 14(7) പ്രകാരം ഒടുക്കേണ്ട തുക	ചട്ടം 14(8) പ്രകാരം ഒടുക്കേണ്ട തുക	ആകെ	റിമാർക്ക്
6.	ഹർഷ വിശ്വനാഥ് രാധാ സദനം SC2-BA(219143)/2023, 22.6.23 274.98 M2	400289/BPT001/ GPO/2023/3888, 11.10.23 393.51 M3 ട്രാൻസിറ്റ് പാസ്	31481	-	-	157405	157405	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല

		-787.02T ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല						
9.	പുഷ്പലാൽ പുഷ്പ വിലാസം SC2-BA(284668)/2023, 23.8.23 133.4 M2	400289/BPT001/ GPO/2023/4323, 26.12.23 306.79 M3 ട്രാൻസിറ്റ് പാസ് -613.58T	24543/-	-	-	122715/-	122715/-	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല
10	സന്തോഷ് ലേഖ കാട്ടിശ്ശേരിൽ SC2-BA(228050)/2023, 30.6.23 132.92 M2	400289/BPT001/ GPO/2023/3392, 6.1.24 860.94 M3 ട്രാൻസിറ്റ് പാസ് -1721.88T	68875	-	-	344375	344375	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല
12	ശിവദാസൻ മഞ്ഞപ്ലാവിള വീട് SC2-BA(284120)/2023, 23.8.23 231.89 M2	400289/BPT001/ GPO/2023/4322, 30.1.24 907.92 M3 ട്രാൻസിറ്റ് പാസ് -1815.84T	72634	-		363170	363170	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല
13.	ശ്രീകല കളീലിവിള മേലതിൽ SC2-BA(819)/2024, 1.1.24 132.92 M2	400289/BPT001/ GPO/2023/102, 26.2.24 653.40 M3 ട്രാൻസിറ്റ് പാസ് -1306.8T	52272	-	-	261360	261360	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല
14	അമൽ എഴുകോൺ SC2-BA(73194)/2023, 25.2.22 204.32 M2	400289/BPT001/ GPO/2024/618, 20.3.24 690.51 M3 ട്രാൻസിറ്റ് പാസ് -1381.02T	55241	-		276204	276204	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല
17	രവീന്ദ്രൻ നായർ നീലാനി വീട് SC2-BA(144193)/2023 Dt 24.4.2023 105.94 M2	400289/BPT 001/GPO 2023/4373,6.12.23 ആകെ M^3 (727.9ടൺ) ട്രാൻസിറ്റ് പാസ് -145 ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല	29116/-	ഇല്ല		145580	145580	ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചില്ല
						ആകെ	1670809/-	

ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കാത്തതിനാൽ 1670809/-രൂപ സർക്കാരിന് നഷ്ടമുണ്ടായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.
മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുടർന്ന് 19.7.2025 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഷിക്കാർ എ എം,ബാസിത്തുൽ സൽമ(SC2-BA(249760)/2023,20.7.23,264.46 M2) എന്ന വ്യക്തിയുടെ പെർമിറ്റ് അനുവദിച്ച സ്ഥലത്ത് നടത്തിയ സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
